Web site: www.kwa.kerala.gov.in 'ജലം ജീവാമൃതം' Fax: 91-0471-2324903
Tel : 0471-2328654

# KERALA WATER AUTHORITY

Jalabhavan
Thiruvananthapuram – 695033
Kerala – India

Draft #1 of File 22438/E8/2022/KWA Approved by Managing Director on 12-Aug-2022 10:15 AM - Page 1

## മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

*വിഷയം:*-കേരള വാട്ടർ അതോറിറ്റി - ഭരണനിർവഹണം - ദേശിയ പെൻഷൻ പദ്ധതി - ആറ്റിങ്ങൽ വാട്ടർ സപ്ലൈ സബ് ഡിവിഷൻ ഓഫീസിൽ ഓപ്പറേറ്റർ തസ്തികയിൽ സേവനത്തിലിരിക്കെ 20-05-2021 ൽ കോവിഡ് ബാധിതനായി മരണമടഞ്ഞ ശ്രീ രജിത് ആർ ന്റെ ഭാര്യയായ ശ്രീമതി. പ്രേം ലൈന ടി യ്ക്ക് ആശ്വാസ ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: 22438/E8/2022/കെ ഡബ്ല്യു എ തീയതി, തിരുവനന്തപുരം, 12.08.2022

---

*സൂചന:-* 1 .സ.ഉ.(പി) നം .20 / 13 / ധന .തീയതി 07.01.13
2 .സ.ഉ.(പി) നം .126/ 16 / ധന .തീയതി 31.08.16
3 .സ.ഉ.(പി) നം .97 / 18 / ധന .തീയതി 23.06.18
4 .സ.ഉ.(പി) നം .41 / 19 / ധന .തീയതി 31.03 .19
5 .25.10.21തീയതിയിലെ ശ്രീമതി. പ്രേം ലൈന .ടി. സമർപ്പിച്ച അപേക്ഷ.

### ഉത്തരവ്

1. 01.04.13നു ശേഷം സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കികൊണ്ടു പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഈ വിഭാഗത്തിലുള്ള ജീവനക്കാർ സർവീസിലിരിക്കെ മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് കുടുംബ പെന്ഷന് അർഹതയില്ലാത്ത സാഹചര്യത്തിൽ ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30 % ത്തിനു തുല്യമായ തുക ആശ്രിതന് ആശ്വാസ ധന സഹായം അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ള താണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ വാട്ടർ സപ്ലൈ സബ് ഡിവിഷൻ ഓഫീസിൽ ജോലി ചെയ്തുവരവേ 20-05-2021 ൽ കോവിഡ് ബാധിതനായി മരണമടഞ്ഞ ശ്രീ രജിത് ആർ., (ഓപ്പറേറ്റർ) ന്റെ ഭാര്യയായ ശ്രീമതി. പ്രേം ലൈന. ടി യ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

2. അപേക്ഷ വിശദമായി പരിശോധിച്ചു .പരാമർശം (3), (4) എന്നിവ പ്രകാരം എല്ലാ രേഖകളും ഹാജരാക്കിയിട്ടുള്ളതിനാൽ മരണപ്പെട്ട ശ്രീ രജിത് ആർ.ന്റെ (പ്രാൺ നം :-110094834475) ഭാര്യ ശ്രീമതി. പ്രേം ലൈന ടി യ്ക്ക് അദ്ദേഹത്തിന്റെ അവസാന അടിസ്ഥാന ശമ്പളത്തിന്റെ 30% ആയ 7125/ - രൂപ മാത്രം (എഴായിരത്തി ഒരുന്നൂറ്റി ഇരുപത്തി അഞ്ചു രൂപ മാത്രം) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 01.06.2021 മുതൽ പ്രതിമാസം ആശ്വാസ ധനസഹായമായി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3 . ശ്രീമതി. പ്രേം ലൈന. ടി നാളിതുവരെ പുനർവിവാഹം കഴിച്ചിട്ടില്ല എന്ന സത്യപ്രസ്താവനയും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ജോലി ലഭിച്ചിട്ടില്ല എന്ന സ്വയം

സാക്ഷ്യപെടുത്തിയ സത്യപ്രസ്താവനയും ആശ്വാസ ധനസഹായം അനുവദിക്കുന്നതിനായി ബന്ധപ്പെട്ട പെൻഷൻ അനുവദിക്കുന്ന അധികാരിക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ്. സമാശ്വാസതൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ ജോലി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ഓഫീസ് മേധാവി പ്രസ്തുത വിവരം പെൻഷൻ & പേസ്ലിപ്, അക്കൗണ്ട്സ് ഓഫീസറെ അറിയിക്കേണ്ടതാണ്.ആശ്രിത നിയമനം ലഭിച്ചു സേവനത്തിൽ പ്രവേശിക്കുന്നതുവരെ മാത്രമേ ആശ്വാസ ധനസഹായത്തിനു അർഹത ഉണ്ടായിരിക്കുകയുള്ളൂ. ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം വാട്ടർ സപ്ലൈ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അനർഹമായി ആശ്വാസ ധനസഹായം കൈപ്പറ്റുന്നത് വഴി വാട്ടർ അതോറിട്ടിക്ക് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശ സഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്. മരണപ്പെട്ട വ്യക്തിയുടെ ഭാര്യ പുനർവിവാഹം കഴിച്ചിട്ടില്ല എന്ന സത്യപ്രസ്താവന, ആശ്വാസ ധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ധനസഹായം സ്വീകരിക്കുന്ന വ്യക്തി എല്ലാ വർഷവും ജനുവരിയിൽ പെൻഷൻ ഡിസ്ബേഴ്സ്മെന്റ് അക്കൗണ്ട്സ് ഓഫീസർ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പരാമർശം (2), (3), (4) എന്നീ സർക്കാർ ഉത്തരവുകളുടെ നിബന്ധനകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

*(ഒപ്പ്)*

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

1. അക്കൗണ്ട്സ് ഓഫീസർ
പെൻഷൻ ഡിസ്ബേഴ്സ്മെന്റ് സെൽ, KWA, വെള്ളയമ്പലം,തിരുവനന്തപുരം.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, ആറ്റിങ്ങൽ (To record the same in SB of Late Rajith R.)
4. ശ്രീമതി. പ്രേം ലൈന. ടി, ജയരംഗ്, MRA 36, നിയർ GHSS, ആറ്റിങ്ങൽ, തിരുവനന്തപുരം
5. അക്കൗണ്ട്സ് മാനേജർ & നോഡൽ ഓഫീസർ, ദേശിയ പെൻഷൻ പദ്ധതി, വെള്ളയമ്പലം,തിരുവനന്തപുരം.

ഉത്തരവിന്റെ പകർപ്പ്

PA to MD/PA to TM/CA to AM/CA to FM &CAO/CA to CE(HRD &GL)/CA to Dy.CE (GI), Dy.AM(NPS)/AO(PENSION)/AO(FUNDS)/file /SF.

Draft #1 of File 22438/E8/2022/KWA Approved by Managing Director on 12-Aug-2022 10:15 AM - Page 2

The document is digitally approved. Hence signature is not needed.